കോൾ നിലങ്ങളിൽ നിന്നുള്ള വെള്ളവും കടലിൽ നിന്നും കയറുന്ന ഉപ്പുവെള്ളവും ശുദ്ധീകരിച്ച് കുടിവെള്ളമാക്കി മാറ്റി നൽകാൻ നടപടി

64 (4672) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള വാട്ടർ അതോറിറ്റി കരുവന്നൂർ പുഴയിൽ നിന്നും ഗുരുവായൂരിലേക്ക് വെള്ളമെത്തിക്കാൻ എൽ. ഐ. സി. സഹായത്തോടെ സർവ്വേ പൂർത്തിയാക്കിയ പദ്ധതിക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും കിട്ടിയിട്ടുള്ള സാഹചര്യത്തിൽ ഇവിടേയ്ക്ക് മണലൂർ പഞ്ചായത്തിനോട് ചേർന്ന് കിടക്കുന്ന ഏനമ്മാവ് ബണ്ടിൽ നിന്നും കുടിവെള്ളമെത്തിക്കാൻ സ്വകാര്യ ഏജൻസികൾ തയ്യാറാക്കുന്ന പദ്ധതിക്ക് സർക്കാർ അംഗീകാരം നൽകുമോ ;

(ബി) തൃശ്ശൂർ ജില്ലയിലെ കോൾ നിലങ്ങളിൽ നിന്ന് ഒഴുകിയെത്തുന്ന കീടനാശിനി കലർന്ന വെള്ളവും കനോലി കനാൽ വഴി കടലിൽ നിന്നും കയറുന്ന ഉപ്പുവെള്ളവും ശുദ്ധീകരിച്ച് കുടിവെള്ളമാക്കി മാറ്റി നൽകാൻ കഴിയുമോ ;

(സി) ഇതു സംബന്ധിച്ച തൃശ്ശൂർ നഗര സഭയുടെ നിർദ്ദേശങ്ങൾ സർക്കാർ പരിഗണനയിലുണ്ടോ ;

(ഡി) കോൾ നിലങ്ങൾക്കുപോലും വെള്ളം മതിയാകാത്ത സാഹചര്യത്തിൽ 'ജിമ്മിൽ' വന്ന മേൽ നിർദ്ദേശത്തിനെതിരായി മണലൂരിലെ കൃഷിക്കാർ പ്രകടിപ്പിച്ച രോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) കേരള വാട്ടർ അതോറിറ്റി നടപ്പാക്കാനുദ്ദേശിക്കുന്ന ഈ പദ്ധതി പ്രദേശത്ത് സ്വകാര്യ ഏജൻസികൾ തയ്യാറാക്കുന്ന പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) ഇങ്ങനെ ഒരു പദ്ധതി കേരള വാട്ടർ അതോറിറ്റിയുടെ പരിഗണനയിലില്ല.

(സി) ഇല്ല.

(ഡി) ഇങ്ങനെ ഒരു പദ്ധതി നിർദ്ദേശം ഈ വകുപ്പിൽ നിന്നും 'ജിമ്മിൽ' സമർപ്പിച്ചിരുന്നില്ല.

രാജാക്കാട്-രാജകുമാരി കുടിവെള്ള പദ്ധതി

65 (4673) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിലെ രാജാക്കാട്-രാജകുമാരി കുടിവെള്ള പദ്ധതിയുടെ ഏതെല്ലാം ഘട്ടങ്ങളാണ് കമ്മീഷൻ ചെയ്തിട്ടുള്ളത് ; ഈ ഘട്ടങ്ങൾക്കായി ചെലവായ തുകയെത്രയാണ് ;

(ബി) ഏതെല്ലാം ഘട്ടങ്ങളാണ് ഇനിയും കമ്മീഷൻ ചെയ്യുവാനുള്ളത് ;

(സി) ഈ പദ്ധതിക്കായി രാജാക്കാട് പഞ്ചായത്തിലെ പരപ്പനങ്ങാടിയിൽ വാട്ടർ ടാങ്ക് നിർമ്മിച്ചിട്ടുണ്ടോ ; എങ്കിൽ ഇതിന് സ്ഥലമെടുപ്പ്, ടാങ്ക് നിർമ്മാണം എന്നീയിനത്തിൽ നാളിതുവരെ എന്ത് തുക ചെലവായി ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത പദ്ധതിയുടെ പരിധിയിൽ കുടിവെള്ളം എത്തിക്കപ്പെടേണ്ട സ്ഥലങ്ങൾ ഏതെല്ലാമണ് ; ഈ സ്ഥലങ്ങളിൽ നിലവിൽ കുടിവെള്ളം ലഭിക്കുന്നുണ്ടോ ;

(ഇ) ഈ ടാങ്കിലേയ്ക്ക് ജലം എത്തുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ടാങ്കിലേയ്ക്ക് വെള്ളം കയറിയാൽ മാത്രമേ പ്രസ്തുത പ്രദേശത്ത് കുടിവെള്ള വിതരണം സാദ്ധ്യമാകൂ എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ പദ്ധതി ഔദ്യോഗികമായി കമ്മീഷൻ ചെയ്തിട്ടില്ല. സോൺ 1,2,3, എന്നിവ പൂർണ്ണമായും സോൺ 4 ഭാഗികവുമായാണ് കമ്മീഷൻ ചെയ്തിട്ടുള്ളത്. ഈ പദ്ധതിക്ക് ഇതുവരെ 220.40 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ബി) സോൺ 4-ന്റെ ബാക്കി ഭാഗവും സോൺ 5 മുഴുവനായും ഇനി കമ്മീഷൻ ചെയ്യുവാനുണ്ട്.

(സി) 2.68 ലക്ഷം രൂപ ചെലവാക്കി വാട്ടർ ടാങ്ക് നിർമ്മിച്ചിട്ടുണ്ട്. ഇതിന് സ്ഥലം നൽകിയിട്ടുള്ളത് പഞ്ചായത്താണ്.

(ഡി) രാജാക്കാട് പഞ്ചായത്തിലെ 4,5,6,8 എന്നീ വാർഡുകളിലാണ് ഇനി കുടിവെള്ളമെത്തിക്കേണ്ടത്. ഇതിൽ 5,8 എന്നീ വാർഡുകളിൽ ഇപ്പോൾ കുടിവെള്ളം എത്തുന്നില്ല. ഈ ടാങ്കിൽ നിന്ന് സോൺ 5ലേയ്ക്ക് പോകുന്ന പൈപ്പ് ലൈൻ പി. ഡബ്ല്യു. ഡി. റോഡ് പണിയിൽ നശിച്ചുപോയതാണ് ഇതിനു കാരണം.

(ഇ) ഈ ടാങ്കിൽ വെള്ളം എത്തുന്നുണ്ട്.

(എഫ്&ജി) ഈ ടാങ്കിൽ വെള്ളം കയറ്റാതെ തന്നെ ബൈപ്പാസ് ചെയ്ത് പ്രസ്തുത പ്രദേശങ്ങളിൽ കുടിവെള്ള വിതരണം സാധ്യമാകും.

വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ട്രാൻസ്മിഷൻ ലൈനുകളുടെ പണി

66 (4674) ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായ പ്രധാന ട്രാൻസ്മിഷൻ ലൈനുകളുടെ പണി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത ട്രാൻസ്മിഷൻ ലൈനുകളുടെ പണി എന്നത്തേക്ക് പൂർത്തീകരിക്കാനാവുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വൈക്കം ഓഗ്മെന്റേഷൻ പദ്ധതിയുടെ ഭാഗമായ പൈപ്പുലൈനിന്റെ പണി ആരംഭിച്ചിട്ടില്ല. ക്ലിയർവാട്ടർ പമ്പിംഗ് മെയിൻ പൈപ്പും സപ്ലൈയിംഗ് ആന്റ് ലേയിംഗ് അടിസ്ഥാനത്തിൽ ഇടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് രണ്ടു വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly